REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 11-09-2025 | സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഉത്തർപ്രദേശ് സന്ദർശനത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി വാരണാസിയിൽ എത്തി. മൗറിഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര റങ്കൂലവുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ച ആരംഭിച്ചു.**
- **തിരുവനന്തപുരം വിമാനത്താവളത്തിലെ ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ - ട്രസ്റ്റഡ് ട്രാവലർ പ്രോഗ്രാം കേന്ദ്രമന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്തു.**
- **കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് ഒരാൾ കൂടി മരിച്ചു.**
- **സംസ്ഥാനത്തെ പൊലീസ് മർദ്ദനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ മൗനം പാലിക്കുന്നത് ശരിയല്ലെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ.**
- **ഏഷ്യാകപ്പ് ക്രിക്കറ്റിലെ ഞായറാഴ്ചത്തെ ഇന്ത്യ - പാകിസ്ഥാൻ മത്സരം തടയണമെന്ന പൊതു താൽപര്യ ഹർജി ഉടൻ പരിഗണിക്കണമെന്ന ആവശ്യം സുപ്രീംകോടതി നിരസിച്ചു.**

## വാർത്തകൾ വിശദമായി

ഉത്തർപ്രദേശ് സന്ദർശനത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി വാരണാസിയിൽ എത്തി. വിമാനത്താവളത്തിൽ UP മുഖ്യമന്ത്രി യോഗി ആദിത്യനാഥ് അദ്ദേഹത്തെ സ്വീകരിച്ചു. ഇന്ത്യ സന്ദർശത്തിനെത്തിയ മൗറിഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര റങ്കൂലവുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ച ആരംഭിച്ചു. ചർച്ചയ്ക്ക് മുന്നോടിയായി വിദേശ കാര്യസെക്രട്ടറി വിക്രം മിസ്രി, റങ്കൂലവുമായി കൂടിക്കാഴ്ച നടത്തിയിരുന്നു.

വൈകിട്ട് ഉത്തരാഖണ്ഡിലെ പ്രളയ ബാധിത മേഖലകളിൽ പ്രധാനമന്ത്രി വ്യോമനിരീക്ഷണം നടത്തും. തുടർന്ന് ഉന്നതതല അവലോകന യോഗത്തിലും നരേന്ദ്രമോദി പങ്കെടുക്കും.

✪✪✪

തിരുവനന്തപുരം വിമാനത്താവളത്തിൽ ഇമിഗ്രേഷൻ ക്ലിയറൻസ് പ്രക്രിയ വേഗത്തിലാക്കുന്ന ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ - ട്രസ്റ്റഡ് ട്രാവലർ പ്രോഗ്രാം കേന്ദ്രമന്ത്രി അമിത് ഷാ വെർച്വലായി ഉദ്ഘാടനം ചെയ്തു. ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് ജനജീവിതം കൂടുതൽ സുഗമമാക്കുന്ന നടപടികൾ സാധ്യമാക്കണമെന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ കാഴ്ചപ്പാടാണ് ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ സംവിധാനമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. ഇത്തരം സങ്കേതങ്ങൾ പ്രയോജനപ്പെടുത്താൻ എല്ലാവരും മുന്നോട്ട് വരണമെന്നും അദ്ദേഹം നിർദേശിച്ചു. കോഴിക്കോട്, തിരുവനന്തപുരം, തിരുച്ചിറപ്പള്ളി, ലഖ്നൗ, അമൃത്സർ എന്നിവിടങ്ങളിലെ യാത്രക്കാർക്ക് പുതിയ പരിപാടിയുടെ പ്രയോജനം ലഭ്യമാകുമെന്നും അമിത്ഷാ അറിയിച്ചു. അഞ്ച് വിമാനത്താവളങ്ങളിലാണ് ഇമിഗ്രേഷൻ ക്ലിയറൻസ് സംവിധാനം ഇന്നുമുതൽ ഏർപ്പെടുത്തുന്നത്.

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലെ ബ്യൂറോ ഓഫ് ഇമിഗ്രേഷനാണ് പരിപാടി നടപ്പാക്കുന്നത്. ഇതോടെ യാത്രക്കാർക്ക് ഇമിഗ്രേഷൻ ക്ലിയറൻസ് പ്രക്രിയ സുഗമമാകും. ഡൽഹി, മുംബൈ, കൊച്ചി തുടങ്ങി രാജ്യത്തെ എട്ട് വിമാനത്താവളങ്ങളിൽ നിലവിൽ ഈ സംവിധാനം ലഭ്യമാണ്.

✪✪✪

RSS മേധാവി മോഹൻ ഭാഗവതിന്റെ 75-ാം ജന്മദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസകൾ അറിയിച്ചു. സാമൂഹ്യ പരിവർത്തനത്തിനും ഐക്യത്തിനും സൗഹാർദ്ദത്തിനും സമർപ്പിച്ച ജീവിതമാണ് ഭാഗവതിന്റേതെന്ന് അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. വസുധൈവ കുടുംബകം എന്ന ആശയത്തിന്റെ ജീവിച്ചിരിക്കുന്ന പ്രതീകമാണ് ഭാഗവത് എന്നും പ്രധാനമന്ത്രി വിശേഷിപ്പിച്ചു.

✪✪✪

സ്വാമി വിവേകാനന്ദന്റെ ചരിത്രപരമായ ചിക്കാഗോ പ്രസംഗത്തിന്റെ 132-ാം വാർഷികത്തിൽ ലോക മത പാർലമെന്റിലെ അദ്ദേഹത്തിന്റെ വാക്കുകൾ പ്രധാനമന്ത്രി നരേന്ദ്രമോദി അനുസ്മരിച്ചു. സർവ ലോക സാഹോദര്യത്തിന്റെയും മതസൗഹാർദ്ദത്തിന്റെയും ആപ്തവാക്യമായിരുന്നു വിവേകാനന്ദന്റെ പ്രസംഗമെന്ന് സാമൂഹ്യ മാധ്യമ കുറിപ്പിൽ പ്രധാനമന്ത്രി

അഭിപ്രായപ്പെട്ടു. ചരിത്രത്തിലെ ഏറ്റവും ആഘോഷിക്കപ്പെട്ടതും പ്രചോദനാത്മകവുമായ പ്രസംഗമായിരുന്നു അതെന്ന് പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആചാര്യ വിനോബാ ഭാവെയുടെ ജന്മവാർഷിക ദിനത്തിൽ സ്മരണാഞ്ജലി അർപ്പിച്ചു. ഇന്ത്യയുടെ ആത്മീയ, സാമൂഹ്യ, രാഷ്ട്രീയ രംഗങ്ങൾക്ക് അദ്ദേഹം നൽകിയ വിലമതിക്കാനാകാത്ത സംഭാവനകൾ പ്രധാനമന്ത്രി അനുസ്മരിച്ചു. ഗാന്ധിയൻ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കാനും ദുർബല വിഭാഗങ്ങളെ ശാക്തീകരിക്കാനും ജീവിതം ഉഴിഞ്ഞുവെച്ച മഹാനായിരുന്നു വിനോബാ ഭാവയെന്ന് പ്രധാനമന്ത്രി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

✪✪✪

റഷ്യൻ സൈന്യത്തിൽ ചേർക്കാമെന്ന വാഗ്ദാനങ്ങളിൽ കുടുങ്ങരുതെന്ന് കേന്ദ്ര ഗവൺമെന്റ് പൗരന്മാരോട് അഭ്യർത്ഥിച്ചു. അങ്ങേയറ്റം അപകടകരവും ദുഷ്കരവുമായിരിക്കും റഷ്യൻ സൈന്യത്തിൽ ചേരുന്നവർ നേരിടേണ്ടിവരികയെന്ന് വിദേശകാര്യ വക്താവ് രൺധീർ ജെയ്സ്വാൾ മാധ്യമങ്ങളെ അറിയിച്ചു. റഷ്യൻ സൈന്യത്തിൽ ചേർന്ന ഇന്ത്യക്കാരെ മോചിപ്പിക്കണമെന്നും ഇത്തരം അനധികൃത റിക്രൂട്ട്മെന്റ് തടയണമെന്നും ഇന്ത്യയിലേയും മോസ്കോയിലേയും അധികൃതരോട് കേന്ദ്രം ആവശ്യപ്പെട്ടതായും വക്താവ് പറഞ്ഞു.

✪✪✪

നേപ്പാളിൽ കുടുങ്ങിയ ഇന്ത്യക്കാരെ തിരിച്ചു കൊണ്ടുവരാൻ ഇന്ത്യൻ വിമാനക്കമ്പനികൾ കാഠ്മണ്ഡു സർവീസുകൾ പുന:രാരംഭിച്ചു. യുവാക്കളും വിദ്യാർത്ഥികളും കലാപരംഗത്ത് ഇറങ്ങിയതിനെ തുടർന്നാണ് ഇന്ത്യൻ പൗരന്മാർ നേപ്പാളിൽ കുടുങ്ങിയത്.

✪✪✪

അമൂലിന്റെ പാക്കറ്റ് പാലിന് GST നിരക്കിളവുകൊണ്ട് വില കുറയില്ലെന്ന് അമൂൽ മാനേജിംഗ് ഡയറക്ടർ ജയൻ മേത്ത ANI വാർത്താ ഏജൻസിയോട് പറഞ്ഞു. അമൂലിന്റെ പാക്കറ്റ് പാലിന് നിലവിൽ GST ഈടാക്കുന്നില്ല. അതുകൊണ്ട് തന്നെ GST നിരക്കിളവ് പാൽവിലയെ ബാധിക്കില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. അതേസമയം, കേടാകാതെ സൂക്ഷിച്ചു വെക്കാവുന്ന പാലിന്റെ വിലയിൽ മാറ്റം വരുമെന്നും മേത്ത അറിയിച്ചു.

✪✪✪

കേരള അർബൻ കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ കൊച്ചിയിൽ ഉദ്ഘാടനം ചെയ്യും. മാറുന്ന വികസന കാഴ്ച്ചപ്പാടിന് അനുസരിച്ച് സംസ്ഥാനത്ത് സമഗ്ര നഗരനയം രൂപപ്പെടുത്താനാണ് രണ്ട് ദിവസത്തെ അന്താരാഷ്ട്ര കോൺക്ലേവ് സംഘടിപ്പിക്കുന്നതെന്ന് മന്ത്രി P രാജീവ് അറിയിച്ചു.

'കൊതിക്കുന്ന നഗരങ്ങൾ, അഭിവൃദ്ധി പ്രാപിക്കുന്ന സമൂഹങ്ങൾ' എന്ന ആശയത്തിലാണ് കോൺക്ലേവ്. മൂന്ന് വിദേശ രാജ്യങ്ങളിലെ മന്ത്രിമാരും, കേന്ദ്ര - സംസ്ഥാന മന്ത്രിമാരും വിവിധ സംസ്ഥാനങ്ങളിലെ 15 മേയർമാരുമടക്കം ആയിരത്തിലധികം പ്രതിനിധികൾ കോൺക്ലേവിന്റെ ഭാഗമാകുമെന്ന് മന്ത്രി ഫേസ്ബുക്കിൽ അറിയിച്ചു. ഇന്ത്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം നഗര നയത്തിന് രൂപം നൽകുന്നതെന്ന് രാജീവ് പറഞ്ഞു.

✪✪✪

മലപ്പുറം ജില്ലാ നിക്ഷേപക സംഗമം വൈകിട്ട് മന്ത്രി P. രാജീവ് ഉദ്ഘാടനം ചെയ്യും. ജില്ലയിൽ ഒരു വർഷത്തിനകം 3,500 കോടി രൂപയുടെ നിക്ഷേപവും, 2,000 തൊഴിലവസരങ്ങളും ലക്ഷ്യമിടുന്ന നിക്ഷേപക സംഗമം ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ സഹായത്തോടെയാണ് സംഘടിപ്പിക്കുന്നത്. മന്ത്രി V.അബ്ദുറഹ്മാനും മുതിർന്ന ഉദ്യോഗസ്ഥരും സംഗമത്തിൽ പങ്കെടുക്കും.

✪✪✪

അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന ഒരാൾ കൂടി മരിച്ചു. മലപ്പുറം ചേലേമ്പ്ര സ്വദേശി ഷാജി എന്ന 49-കാരനാണ് മരിച്ചത്. രണ്ടാഴ്ചയായി ആശുപത്രിയിൽ ചികിത്സയിലായിരുന്നു. നിലവിൽ പത്ത് പേരാണ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നത്.

✪✪✪

സംസ്ഥാനത്ത് പൊലീസ് മർദ്ദനത്തിന്റെ തുടർച്ചയായ വാർത്തകൾ തെളിവുസഹിതം പുറത്തുവന്നിട്ടും ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി പിണറായി വിജയൻ മൗനം പാലിക്കുന്നത് ശരിയല്ലെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. കേരളത്തിന്റെ പൊതു സമൂഹത്തോട് ഇക്കാര്യത്തിൽ അഭിപ്രായം പറയാൻ മുഖ്യമന്ത്രി എന്തിനാണ് ഭയക്കുന്നതെന്ന് സതീശൻ മാധ്യമങ്ങളോട് ചോദിച്ചു. വിവരാവകാശ നിയമപ്രകാരം ലഭിച്ച പൊലീസ് മർദ്ദന ദൃശ്യങ്ങൾ സത്യം എന്താണെന്ന് ബോധ്യപ്പെടുത്തുന്നുണ്ട്. കുറ്റക്കാരായ പൊലീസുകാരെ സേനയിൽ നിന്ന് പുറത്താക്കുന്നത് വരെ UDF പ്രക്ഷോഭ രംഗത്തുണ്ടാവുമെന്നും പ്രതിപക്ഷ നേതാവ് വ്യക്തമാക്കി.

✪✪✪

ലോക്കപ്പ് മർദ്ദനം LDF-ന്റെ നയമല്ലെന്ന് CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു. പൊലീസ് മർദ്ദനങ്ങളെ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ന്യായീകരിക്കേണ്ട ആവശ്യമില്ലെന്ന് അദ്ദേഹം ആലപ്പുഴയിൽ മാധ്യമങ്ങളോട് പ്രതികരിച്ചു.

✪✪✪

ആഗോള അയ്യപ്പ സംഗമം, തദ്ദേശ സ്ഥാപനങ്ങളിലെ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന വികസന സദസ്സ് എന്നീ വിഷയങ്ങളിലെ UDF ന്റെ സംസ്ഥാന നയ വിശദീകരണ കൺവെൻഷൻ വൈകിട്ട് കോഴിക്കോട്ട് ചേരും. പ്രതിപക്ഷ നേതാവ് VD സതീശൻ, ഉപനേതാവ് P.K കുഞ്ഞാലിക്കുട്ടി, UDF കൺവീനർ അടൂർ പ്രകാശ് തുടങ്ങിയവർ പങ്കെടുക്കും. തദ്ദേശ സ്ഥാപനങ്ങളിലെ ഭാരവാഹികളും, UDF ജില്ലാ-മണ്ഡലം ഭാരവാഹികളും കൺവൻഷനിൽ പങ്കെടുക്കും.

✪✪✪

നിർമ്മാണം പുരോഗമിക്കുന്ന ദേശീയ പാത 66 ൽ, കണ്ണൂർ എടക്കാട്ടെ യാത്രാക്ലേശം പരിഹരിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പാതാ അതോറിറ്റി അധികൃതരുമായി ചർച്ച നടത്തി. ഗതാഗത പ്രശ്ന പരിഹാരത്തിന് ആവശ്യമായ നടപടികൾ യോഗം ചർച്ച ചെയ്തു.

✪✪✪

മുതുവല്ലൂരിലെ എല്ലാ വീട്ടിലും കുടിവെള്ള കണക്ഷൻ എത്തിക്കുന്ന ഹർ ഘർ ജൽ പദ്ധതി പ്രഖ്യാപനം നാളെ നടത്തും.

മലപ്പുറം പ്രതിനിധി M സുരേഷ്ബാബു...

(.........വോയ്സ്...........)

✪✪✪

മലപ്പുറം ജില്ലയിലെ ഏലംകുളം ഗ്രാമ പഞ്ചായത്തിൽ എല്ലാ വീടുകളിലും ശുദ്ധമായ കുടിവെള്ളം എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതിയും നാളെ മന്ത്രി റോഷി അഗസ്റ്റിൻ നാടിന് സമർപ്പിക്കും. ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി 16 കോടി 36 ലക്ഷം രൂപ ചെലവിലാണ് പദ്ധതി പൂർത്തിയാക്കിയത്.

✪✪✪

ഏഷ്യാകപ്പ് ക്രിക്കറ്റിലെ ഞായറാഴ്ചത്തെ ഇന്ത്യ - പാകിസ്ഥാൻ മത്സരം തടയണമെന്ന പൊതു താൽപര്യ ഹർജി ഉടൻ പരിഗണിക്കണമെന്ന ആവശ്യം സുപ്രീംകോടതി നിരസിച്ചു. മത്സരത്തിന് അനുമതി നിഷേധിക്കണമെന്ന് ആവശ്യപ്പെട്ട് പുനെ സ്വദേശിയും മൂന്ന് നിയമ വിദ്യാർത്ഥികളും നൽകിയ ഹർജിയാണ് രണ്ടംഗ ഡിവിഷൻ ബെഞ്ച് പരിഗണിച്ചത്. ഞായറാഴ്ചത്തെ മത്സരം നടക്കട്ടെയെന്നും കോടതി അഭിപ്രായപ്പെട്ടു.

✪✪✪

ദുബായിൽ ഏഷ്യാകപ്പ് ട്വന്റി-20 ക്രിക്കറ്റിലെ ആദ്യ മത്സരത്തിൽ ഇന്ത്യ, UAE-യെ ഒമ്പത് വിക്കറ്റിന് പരാജയപ്പെടുത്തി. ആദ്യം ബാറ്റു ചെയ്ത UAE, 13.1 ഓവറിൽ 57 റൺസിന് പുറത്തായി. 4.3 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 60 റൺസെടുത്ത് ഇന്ത്യ വിജയലക്ഷ്യം മറികടന്നു.

✪✪✪

അമേരിക്കയിലെ ലിവർപൂളിൽ ലോക ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യ, മൂന്ന് വെങ്കല മെഡലുകൾ ഉറപ്പാക്കി. നുപുർ ഷിയോറൻ, ജാസ്മിൻ ലംബോറിയ, പൂജാ റാണി എന്നിവർ സെമി ഫൈനലിലെത്തിയതോടെയാണ് ഇന്ത്യ മെഡലുകൾ ഉറപ്പാക്കിയത്.

✪✪✪

പാലക്കാട് വടക്കഞ്ചേരിയിൽ 30-ാമത് സീനിയർ വിമൻസ് നാഷണൽ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ഇന്ന് ആരംഭിക്കും. രാജ്മാതാ ജിജാ ഭായ് ട്രോഫിയുടെ ഗ്രൂപ്പ് G മത്സരത്തിൽ തമിഴ്നാട്, പോണ്ടിച്ചേരി, ആൻഡമാൻ നിക്കോബാർ ടീമുകൾ പങ്കെടുക്കും. ഈ മാസം 15 നാണ് അവസാന മത്സരം. ഓരോ ദിവസവും രണ്ട് മത്സരങ്ങൾ ഉണ്ടായിരിക്കും.

✪✪✪

കണ്ണൂർ നഗരത്തിലെയും, പരിസരത്തെയും തെരുവുകച്ചവടം വർദ്ധിക്കുന്നത് നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ രണ്ടു മാസത്തിനകം അറിയിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ് ഉത്തരവിട്ടു. പയ്യാമ്പലം ബീച്ച് പരിസരത്ത് റോഡരികിലെ തട്ടുകടകളുടെ എണ്ണം ക്രമാതീതമായി വർധിക്കുന്നതിനെതിരെ നടപടി ആവശ്യപ്പെട്ട് സമർപ്പിച്ച പരാതിയിലാണ് നിർദ്ദേശം.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader:അനുഷ ആത്മപ്രകാശ്*
*NRT s: അനിൽ ചന്ദ്രൻ*
*DEO : സികെ സുബോധ്*